(ബി) എങ്കിൽ വ്യക്തമാക്കുമോ ;

(സി) വിൽക്കാതെ കിടക്കുന്ന ഫ്ളാറ്റുകൾ വിൽക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ബോർഡിന് 'എ' ക്ളാസ് കോൺട്രാക്ട് ലൈസൻസ് ലഭിച്ച ശേഷം എത്ര കോടി രൂപയുടെ ജോലി ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ & ബി) ഉണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പള്ളി ഭവനനിർമ്മാണ പദ്ധതി സൈറ്റ്-2 (29 പ്ലോട്ടുകൾ), പാലാ ഭവന നിർമ്മണ പദ്ധതി സൈറ്റ്-2 (25 പ്ലോട്ടുകൾ), പത്തനംതിട്ട ഭവനനിർമ്മാണ പദ്ധതി (2 പ്ലോട്ടുകൾ), തിരുവല്ല ഭവനനിർമ്മാണ പദ്ധതി ഘട്ടം 3 & 4 (3 പ്ലോട്ടുകൾ), തിരുവമ്പാടി ഭവനനിർമ്മാണ പദ്ധതി സൈറ്റ്-1 (2 പ്ലോട്ടുകൾ) തോട്ടട ഭവനനിർമ്മാണ പദ്ധതി (4 പ്ലോട്ടുകൾ) എന്നീ പദ്ധതികളിലെ പ്ലോട്ടുകളാണ് ഓരോ പ്രദേശത്തുമുള്ള മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ തറവില നിശ്ചയിച്ച് പൊതു ലേലത്തിലൂടെ വിറ്റത്. ഇതിലൂടെ ഏകദേശം 2 ½ കോടി രൂപയോളം ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ വിൽക്കാതെ കിടന്നിരുന്ന ഫ്ളാറ്റുകൾ പത്രദ്വാര വിപുലമായ പരസ്യം നൽകി വിൽക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപ്രകാരം ഫ്ളാറ്റുകളുടെ ലേല വില്പന നടന്നുവരുന്നു.

(ഡി) ബോർഡിന് 'എ' ക്ലാസ് കോൺട്രാക്ട് ലൈസൻസ് ലഭിച്ചത് 7-11-2006-ൽ ആണ്. അതിനു ശേഷം 690.42 ലക്ഷം രൂപയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്.

റേഷൻ കടകൾ വഴി ഭക്ഷ്യ വസ്തുക്കൾ

18 (*618) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻകടകൾ വഴി ഭക്ഷ്യവസ്തുക്കൾ സബ്സിഡി നൽകി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതികളാണ് സർക്കാർ പുതുതായി തയ്യാറാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തൊക്കെയിനം ഭക്ഷ്യസാധനങ്ങൾ റേഷൻ കടകൾവഴി വിതരണം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇത്തരം ഭക്ഷ്യസാധനങ്ങളുടെ മാർക്കറ്റ് വിലയുടെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഈ സബ്സിഡി തുകയുടെ എത്ര ശതമാനം കേന്ദ്ര സഹായമായി ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(എഫ്) ഇതിനുള്ള സംസ്ഥാന വിഹിതമായി ഈ വർഷം എത്ര കോടി രൂപ നൽകുവാനാണ് ലക്ഷ്യമിടുന്നത് ;

(ജി) ഈ തുക ബഡ്ജറ്റ് വിഹിതമായി ലഭ്യമല്ലെങ്കിൽ എങ്ങനെ സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻകടകൾ വഴി ഭക്ഷ്യധാന്യങ്ങൾ വളരെ വിലക്കുറവിൽ ജനങ്ങൾക്ക് ലഭിക്കാനായി ഒരു പദ്ധതി ആവിഷ്കരിച്ച് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിനായി 354 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) മുളക്, മല്ലി, ചെറുപയർ, വൻപയർ, കടല, ഉഴുന്ന്, തുവരപ്പരിപ്പ്, വടപ്പരിപ്പ്, ജീരകം, കടുക്, ഉലുവ തുടങ്ങിയ ഭക്ഷ്യ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) മാർക്കറ്റ് വിലയുടെ 10%-മാണ് സബ്സിഡി ഇനത്തിൽ നൽകാനുദ്ദേശിക്കുന്നത്.

(ഇ) ഈ പദ്ധതി ചെലവിന്റെ 25% കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ് & ജി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

മിതകാല സാമ്പത്തിക പദ്ധതി

19 (*619) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിതകാല സാമ്പത്തിക പദ്ധതി എന്താണ് ; ഇത് എന്ന് നിലവിൽ വന്നു ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly